പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 13, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 509
ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പെൻഷൻകാർ എന്നിവർക്കായുള്ള മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2021 ജനുവരി ഒന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2021 ജനുവരി 1 മുതൽ നടപ്പിലാക്കുന്നത് നിശ്ചയിച്ച് Request for Proposal (RFP) പ്രസിദ്ധീകരിച്ചുവെങ്കിലും തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനത്തോടൊപ്പമുള്ള മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനനുസരിച്ച് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിൽ തടസ്സം നേരിട്ടതിനാൽ ജനുവരി ഒന്ന് മുതൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ എത്ര പേർ പദ്ധതിയുടെ ഗുണഭോക്താക്കളാകും; പ്രീമിയം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ യഥാക്രമം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ; | പതിനൊന്ന് ലക്ഷത്തിലധികം സർക്കാർ ജീവനക്കാരും പെൻഷൻകാരും ജീവനക്കാരുടെയും പെൻഷൻകാരുടെയും പതിനേഴ് ലക്ഷത്തിലധികം വരുന്ന ആശ്രിതരും പദ്ധതിയുടെ ഗുണഭോക്താക്കളാകും. റീ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന പക്ഷം മാത്രമേ പ്രീമിയം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ സംബന്ധിച്ച കൃത്യമായ വിവരം നൽകുവാൻ സാധ്യമാകുകയുള്ളൂ. |

| | | |
|---|---|---|
| (സി) | കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി, വിമുക്ത ഭടൻമാർക്കായുള്ള ഇ.സി.എച്ച്.എസ് ചികിത്സാ പദ്ധതി, കേന്ദ്ര പൊതുമേഖലാ ജീവനക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയെല്ലാം തന്നെ പല കാരണങ്ങളാൽ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ആരോഗ്യ ഇൻഷ്വറൻസ് മേഖലകളിലെ വിദഗ്ധരുമായി ആലോചിച്ച് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ ഇത്തരം പ്രതിസന്ധികളിൽ നിന്ന് മെഡിസെപ്പിനെ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**